ശ്രീകണ്ഠപുരം കേന്ദ്രമായി ഒരു ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി

33 [3727] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം കേന്ദ്രമായി ഒരു ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കണമെന്ന നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഹൈക്കോടതി അംഗീകരിച്ച മുൻഗണനാക്രമം മാറ്റി ഒ.ടി.പി.യായി ശ്രീകണ്ഠപുരം കോടതി അനുവദിക്കുവാൻ ഗവൺമെന്റ് ഹൈക്കോടതിയുടെ അനുമതി തേടിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിന്നും 2005 ഫെബ്രുവരി ഒന്നിന് ശേഷം എന്തെങ്കിലും കത്തോ വിശദീകരണപത്രികയോ സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഡി) മുൻഗണനാക്രമം മാറ്റി ഒ.ടി.പി.യായി ശ്രീകണ്ഠപുരം കോടതി അനുവദിക്കാൻ ഹൈക്കോടതിയുടെ അഭിപ്രായം ആരായുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിവേദനം ബഹു. ഹൈക്കോടതിയുടെ പരിഗണനയ്ക്കും റിപ്പോർട്ടിനുമായി അയച്ചു കൊടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

രാമങ്കരി മജിസ്ട്രേറ്റ് കോടതി

34 [3728] *ഡോ. കെ. സി. ജോസഫ്* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ രാമങ്കരി മജിസ്ട്രേറ്റ് കോടതി മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആയി മാറ്റുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി എന്നാണ് ശുപാർശ നൽകിയത്;

(ബി) ഈ ശുപാർശയിൽ മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് എന്തെങ്കിലും തീരുമാനം എടുത്തിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോഴത്തെ ഗവൺമെന്റ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ തീരുമാനം വ്യക്തമാക്കാമോ?

ഉത്തരം

(എ) – (ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പോലീസ് സേനാ നവീകരണ സമിതി

35 [3730] *ശ്രീ. ഡി. സുഗതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളോട് മാന്യമായും സൗമ്യമായും പെരുമാറുവാൻ പോലീസുദ്യോഗസ്ഥരെ സജ്ജമാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പൊതുജനങ്ങളോടും, ജനപ്രതിനിധികളോടും, സമുദായ നേതാക്കളോടും, പോലീസ് ഉദ്യോഗസ്ഥർ അപമര്യാദയായി പെരുമാറിയെന്ന എത്ര പരാതികൾ ലഭിച്ചുവെന്നും, ആയതിൻമേൽ എത്ര നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക വീര്യം നഷ്ടപ്പെടും എന്ന നിസ്സാരകാരണം പറഞ്ഞ് കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പോലീസ് വകുപ്പിൽ ക്രിമിനൽ പ്രവണത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അത്തരം ഉദ്യോഗസ്ഥരെക്കുറിച്ച് മുൻ ഡി.ജി.പി. തയ്യാറാക്കിയ ലിസ്റ്റിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; ടി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പോലീസ് വകുപ്പിലെ അഴിമതി, പെരുമാറ്റദൂഷ്യം, കുറ്റവാസന എന്നിവ ഫലപ്രദമായി തടയുവാൻവേണ്ടി വിവിധ സർക്കാർ വകുപ്പുകളിലെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് സ്പെഷ്യൽ സ്കാഡുകൾ രൂപീകരിക്കുവാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ;

(എഫ്) മേൽ പ്രകാരമുള്ള പരാതികളിൻമേൽ യഥാസമയം അവലോകനം നടത്തുവാനും തുടർ നടപടികൾ സ്വീകരിക്കുവാനും ജനപ്രതിനിധികൾ, നിയമ വിദഗ്ദർ, സാമൂഹ്യ പ്രവർത്തകർ, വിവിധ വകുപ്പുകളിലെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി അവലോകന സമിതി സംസ്ഥാന/ജില്ലാ തലങ്ങളിൽ രൂപീകരിക്കുവാൻ സത്വര നടപടി സർക്കാർ കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly